നമ്പർ. സിബി(3)49746/04. സഹകരണസംഘം രജിസ്ട്രാർ ആഫീസ്,

തിരുവനന്തപുരം:24.5.2005.

സർക്കുലർ നമ്പർ-14/2005

വിഷയം:- സഹകരണം ജില്ലാ സഹകരണ ബാങ്കുകൾ സമർപ്പിക്കുന്ന അപേക്ഷകളുടെ പരിശോധന-നടപടി ക്രമങ്ങൾ ലഘൂകരിക്കുന്നതിനും കാല താമസം ഒഴിവാക്കുന്നതിനും നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളുടെ അപേക്ഷകൾ, റിപ്പോർട്ടുകൾ മുതലായവ താലൂക്ക് തല അസിസ്റ്റന്റ് രജിസ്ട്രാർമാരുടെ പരിശോധനയ്ക്കു ശേഷം ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർ മുഖേന സഹകരണസംഘം രജിസ്ട്രാർക്കു ലഭിക്കുന്ന നിലവിലെ നടപടി ക്രമത്തിൽ വളരെ കാലതാമസമുണ്ടാകുന്നതായി ഈ ആഫീസിന്റെ ശ്രദ്ധയിൽ പെട്ടിരിക്കുന്നു. ടി നടപടിക്രമങ്ങൾ ലഘൂകരിച്ച് കാലതാമസം ഒഴിവാക്കുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സഹകരണസംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ട അപേക്ഷകൾ, റിപ്പോർട്ടുകൾ മുതലായവ ജില്ലാ സഹകരണ ബാങ്കുകൾ ബന്ധപ്പെട്ട ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർ മുഖേന സമർപ്പിക്കേണ്ടതാണ്.
2. ടി അപേക്ഷകൾ റിപ്പോർട്ടുകൾ മുതലായവയുടെ ഫയലുകൾ പരിശോധിച്ച് ജോയിന്റ് രജിസ്ട്രാർക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതിനും, ഉള്ളടക്കം ചെയ്തിരിക്കുന്ന രേഖകളുടെ പകർപ്പുകൾ, സ്റ്റേറ്റ്മെന്റുകൾ തുടങ്ങിയവ സാക്ഷ്യപ്പെടുത്തുന്നതിനും ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ പ്ലാനിംഗ് വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാറെ ചുമതലപ്പെടുത്തുന്നു. ടി ഉദ്യോഗസ്ഥൻ കാലതാമസം കൂടാതെ ജില്ലാ സഹകരണ ബാങ്കിൽ നേരിട്ട് പരിശോധന നടത്തി റിപ്പോർട്ട് ജോയിന്റ് രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്.
3. ടി പരിശോധന റിപ്പോർട്ട് ലഭിച്ചാലുടൻ തന്നെ ജോയിന്റ് രജിസ്ട്രാർ റിപ്പോർട്ടോടുകൂടി ടി അപേക്ഷകൾ, റിപോർട്ടുകൾ മുതലായവ സഹകരണ സംഘം രജിസ്ട്രാർക്ക് അയച്ചുതരേണ്ടതാണ്. ടി റിപ്പോർട്ടിൽ ജോയിന്റ് രജിസ്ട്രാറുടെ വ്യക്തമായ ശുപാർശ/ അഭിപ്രായം നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. മേൽ നിർദ്ദേശങ്ങൾ ജോയ്ന്റ് രജിസ്ട്രാർമാർ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതും, അവ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

ഒപ്പ്

കെ. കേശവൻ

സഹകരണസംഘം രജിസ്ട്രാർ-ഇൻ-ചാർജ്

1. എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും
2. ജോയിന്റ് രജിസ്ട്രാർ/കൺകറന്റ് ആഡിറ്റർ, എല്ലാ ജില്ലാ സഹകരണബാങ്കുകൾക്കും
3. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(പ്ലാനിംഗ്) മാർക്കും ജോയിന്റ് രജിസ്ട്രാർ(ജനറൽ) ആഫീസ് (ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖാന്തിരം)
4. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും.
5. എല്ലാ ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റ് മാർക്കും .
6. എല്ലാ ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർമാർക്കും.
7. സി. ബി. (1), സി. ബി. (5), ഇ. എം സെക്ഷനുകൾക്ക്
8. സ്റ്റോക്ക് ഫയൽ / സ്പെയർ.

// ആജ്ഞാനുസരണം //

സഹകരണസംഘം രജിസ്ട്രാർക്കുവേണ്ടി.

ആർ. എസ്. 28.5.05